# സ്വാർത്ഥത്തിന്റെ തേരിൽ പൊതുനിയമത്തെ ബന്ധിക്കരുത്

jthrees@hotmail.com

ഒരു രാജ്യത്തിന്റെ വ്യവസ്ഥയുടെ ചട്ടക്കൂടാണ് അവിടത്തെ നിയമങ്ങൾ. സാമൂഹികജീവിതത്തിന്റെ സംതുലിതത്വം നിലനിർത്തുന്ന് പ്രസ്തുത നിയമങ്ങളാണ്. അതേ നിയമങ്ങളെ ആശ്രയിച്ചാണ് ആ രാജ്യത്തിന്റെ വികസനം സാധിക്കുന്നത്.

രാജ്യനിയമങ്ങളെ ആദരിക്കുകയും പാലിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടത് രാജ്യനിവാസികളുടെ ബാധ്യതയാകുന്നു. അതിന്റെ അഭാവത്തിൽ രാജ്യഭരണകൂടം സംവിധാനം ചെയ്യുന്ന ആസൂത്രണങ്ങൾ തകരും. അതുകൊണ്ടാണ് നിയമലംഘനങ്ങൾ കുറ്റകരമായി ഗണിക്കുന്നത്.

ഇതോടൊപ്പം ചേർത്തുപറയേണ്ടതാണ് പൊതുതാല്പര്യം. നിയമങ്ങൾ ശാസ്ത്രീയമാണെന്നതിലുപരി ആസൂത്രിതവും സാഹചര്യങ്ങളും പശ്ചാത്തലവും കണക്കിലെടുത്തുള്ളതായിരിക്കും. പൊതുതാല്പര്യങ്ങളാകട്ടെ മാനുഷികവുമാണ്. നിയമത്തെ സംരക്ഷിക്കുന്നതുപോലെ പൊതുതാല്പര്യങ്ങളെ ആദരിക്കുകയും മാനിക്കുകയും ചെയ്യേണ്ടത് മാനുഷികപ്രതിപത്തിയുടെ ഭാഗമാണ്.

ഇതിന് ഒരു മറുവശമുണ്ട്. വളരെ വേഗം കൈയേറ്റം ചെയ്യപ്പെടുന്നതാണ് ഇവ നിയമങ്ങളും പൊതുതാല്പര്യങ്ങളും. നിയമങ്ങൾക്ക് ഒരു ചട്ടക്കൂടുണ്ടെന്ന വിചാരം പലർക്കുമുണ്ട്. എന്നാൽ പൊതുതാല്പര്യങ്ങളെ സംബന്ധിച്ച ചിന്തയിൽ ആ ബോധം പലർക്കുമുണ്ടാകാറില്ല. അതിനാൽതന്നെ പൊതുതാല്പര്യങ്ങളെ പെട്ടെന്ന് അവഗണിക്കാനും മറികടക്കാനും അത്തരക്കാർക്ക് സാധിക്കുന്നു. പൊതുതാല്പര്യത്തിന്റെ വിശുദ്ധിയെ അവഗണിക്കുകയാണ് അതുവഴി ചെയ്യുന്നത്.

ചിലരുണ്ട്. അവർക്ക് എത്രമാത്രം ശക്തിയും സ്വാധീനവുമുണ്ടോ അതിനനുസരിച്ച് പൊതുതാല്പര്യങ്ങളെ അവഗണിക്കുകയും നിയമങ്ങളെ തങ്ങളുടെ സ്വാർത്ഥത്തിന്റെ തേരിൽ ബന്ധിക്കുകയും നാടിന്റെ സംതുലനത്തിനു മുകളിൽ ജൈത്രയാത്ര നടത്തുകയും ചെയ്യുന്നു. സ്വന്തം താല്പര്യത്തിനാണ് അത്തരക്കാർ മുൻഗണന നല്കുന്നത്. അധികാരവും സ്ഥാനമാനങ്ങളും അതിനുപയോഗിക്കുന്ന ജനസേവകരും അക്കൂട്ടത്തിലുണ്ട് എന്നതാണ് വിസ്മയം.

പൗരന്മാർ രാജ്യത്തിന്റെ സ്വത്താണ്. അവരുടെ കൂട്ടായ ശ്രമമാണ് ഏതൊരു രാജ്യത്തിന്റെയും വളർച്ചക്കാധാരം. ഏതെങ്കിലും വിഭാഗം അതിൽനിന്ന് മാറിനില്ക്കുകയോ എതിർ പ്രവർത്തിക്കുകയോ ചെയ്താൽ വികസനം സാധിക്കാതെയാകുന്നു. രാജ്യവികസനത്തിനും അതിന്റെ പാരമ്പര്യങ്ങൾ സൂക്ഷിക്കുന്നതിനും നിയമങ്ങളും പൊതുതാല്പര്യങ്ങളും ആവശ്യമാണ്.

നിയമങ്ങളെ അവയുടെ പാട്ടിനു വിട്ട് യഥേഷ്ടം പ്രവർത്തിക്കുകയല്ല വേണ്ടത്. പ്രവർത്തിക്കുന്നത് നിയമവിധേയമായിട്ടാവുക. പൊതുതാല്പര്യവും ഞാനും തമ്മിൽ എന്ത് ബന്ധം, സർക്കാർ നിയമമല്ലേ, അത് സാരമില്ല തുടങ്ങിയ സമീപനം നമ്മുടെ നാട്ടിൽ കൂടിവരികയാണ്. ഇത് അവകാശികളുടെ അവകാശങ്ങൾ ഹനിക്കുകയും ഒരു വിഭാഗം സർവം അനുഭവിക്കുകയും ചെയ്യുന്ന രീതി വളർത്തിയെടുക്കും. മനുഷ്യരുടെ അവകാശവും ജീവികളുടെ അവകാശവും പ്രകൃതിയുടെ അവകാശവും എല്ലാം ഈ രീതിയിൽ മനുഷ്യർ തന്നെ കൈയടക്കുന്നു എന്നതാണ് ഖേദകരം.

പൊതുതാല്പര്യങ്ങളും പൗരന്മാരും തമ്മിലുള്ള ബന്ധത്തെ മനസ്സിലാക്കാനും പൊതുതാല്പര്യങ്ങളെ മാനിക്കാനും മനുഷ്യരെ സ്നേഹിക്കാനും നമുക്ക് സാധിക്കണം. എങ്കിലേ ഐക്യമെന്നും ഏകമാനവികതയെന്നും നാം പറയുന്ന സങ്കല്പം സാധിക്കുകയുള്ളൂ.